പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3045 — 10.12.2018-ൽ മറുപടിയ്ക്ക്

## ചീഫ് ടെക്നിക്കൽ എക്സാമിനർമാരുടെ പരിശോധന കാരണമുണ്ടാകുന്ന കാലതാമസം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) അഞ്ചു കോടി രൂപക്ക് മുകളിലുള്ള പ്രവൃത്തികൾക്കും മറ്റും സാങ്കേതിക അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനർമാരുടെ പരിശോധനയ്ക്കായി സമർപ്പിക്കുന്നത് കാരണം പ്രവൃത്തികളുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) കാലതാമസം ഒഴിവാക്കുന്നതിന് ചീഫ് എഞ്ചിനീയർ തലത്തിൽ സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സാങ്കേതിക അനുമതി ചീഫ് എഞ്ചിനീയർ തലത്തിൽ തന്നെയാണ് നൽകുന്നത്.<br>ജി.ഒ.(പി)നം.6/2016/ധന തീയതി 16/01/2016 പ്രകാരം എഞ്ചിനീയറിംഗ് വകുപ്പുകളിലെ ചീഫ് എഞ്ചിനീയർമാർക്ക് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി എസ്റ്റിമേറ്റ് തുകയുടെ പരിധി ബാധകല്ലാതെ നൽകുന്നതിനുള്ള അധികാരം സർക്കാർ നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കു മുമ്പുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെപരിശോധന സംബന്ധിച്ച് ധനകാര്യ വകുപ്പാണ് തീരുമാനമെടുക്കേണ്ടത്. |
| (സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ സാങ്കേതിക അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിഗണനയിലുണ്ട് എന്ന് വിശദീകരിക്കുമോ;<br><br>(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ന് അനുമതി ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (സി)<br>&<br>(ഡി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഒന്നും തന്നെ നിലവിൽ സാങ്കേതിക അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിഗണനയിലില്ല.<br>ബഡ്ജറ്റ് വർക്ക് 2018-2019 - കോട്ടുകളഞ്ഞി - തയ്യിൽപ്പടി - അത്തലക്കടവ് റോഡ് ചെയിനേജ് 0/000 മുതൽ 5/000 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തിക്ക് 24/09/2018 ലെ ജി.ഒ.(ആർ.ടി) 1509/2018/ പൊ.മ.വ. പ്രകാരം 720 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യോകാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് വർക്ക് 2018-2019 പെണ്ണുക്കര – കക്കട റോഡ് |

ചെയിനേജ് 0/000 മുതൽ 6/685 BM&BC പ്രവൃത്തിക്ക് CTE യുടെ പരിശോധനാ റിപ്പോർട്ട് സഹിതം സാങ്കേതികാനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ